**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **30-06-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലെ ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ നിരന്തരമായി കൃഷിനാശം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട ഹൈറേഞ്ച് സർക്കിളിന് കീഴിലുള്ള കവളങ്ങാട്, കുട്ടമ്പുഴ പഞ്ചായത്തുകളിലും വൈൽഡ് ലൈഫ് സർക്കിൾ കോട്ടയത്തിന് കീഴിലുള്ള കുട്ടമ്പുഴ പഞ്ചായത്തിന്റെ ജനവാസ മേഖലകളിലും സെൻട്രൽ സർക്കിളിന് കീഴിലുള്ള കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ എന്നീ മേഖലകളിലും വന്യജീവികൾ മൂലം കൃഷിനാശം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കൃഷിനാശം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹൈറേഞ്ച് സർക്കിളിന് കീഴിലുള്ള കോതമംഗലം, മൂന്നാർ ഡിവിഷനുകളുടെ പരിധിയിൽ വരുന്ന കോതമംഗലം മണ്ഡലത്തിലെ മേൽ പഞ്ചായത്തുകളിലെ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ പുതുതായി സോളാർ ഫെൻസിംഗ്, ഹാംഗിംഗ് സോളാർ ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെരിയാർ തീരത്ത് മച്ചാൻ സ്ഥാപിച്ച് രാത്രിയും പകലും മസ്ദൂർ വാച്ചർമാരെ നിയോഗിച്ച് കാട്ടാനകൾ വരുന്നത് നിരന്തരം നിരീക്ഷിക്കുകയും അവയെ തുരത്തി ഓടിച്ചുവരുന്നതുമാണ്. കൂടാതെ തട്ടേക്കാട് മുതൽ പുന്നേക്കാട് വരെ യാത്രക്കാരുടെ ജാഗ്രതയ്ക്കായി മുന്നറിയിപ്പ് ബോർഡുകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പ്ലാന്റേഷൻ റോഡിലൂടെ പോകുന്ന ജനങ്ങൾക്ക് ആനകളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി റോഡിന്റെ ഇരുവശങ്ങളിലും കാടുകൾ വെട്ടിത്തെളിച്ച് വിസ്ത ക്ലിയറൻസ് നടത്തിയിട്ടുണ്ട്. കൂടാതെ മസ്ദൂർമാരും ജീവനക്കാരും അടങ്ങുന്ന സംഘം ടി പ്രദേശത്ത് രാത്രി കാലങ്ങളിൽ പ്രത്യേക പട്രോളിംഗ് നടത്തിവരുന്നുമുണ്ട്. നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിന് ആർ.ആർ.റ്റി-യുടെയും വനംവകുപ്പ് ജീവനക്കാരുടെയും വാച്ചർമാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. നാട്ടിലിറങ്ങുന്ന |

| | | | |
|---|---|---|---|
| | | | അപകടകാരികളായ കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻമാരേയും / അധികാരപ്പെട്ട ഉദ്യോഗസ്ഥരേയും 28.05.2022-ലെ സർക്കാർ ഉത്തരവ് പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൈൽഡ് ലൈഫ് സർക്കിൾ കോട്ടയത്തിന് കീഴിൽ വരുന്ന കുട്ടമ്പുഴ പഞ്ചയാത്തിലെ പ്രദേശങ്ങളിൽ ട്രഞ്ചുകൾ, സൗരോർജ്ജവേലി, ജനവാസ മേഖലകളിലിറങ്ങുന്ന ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി തിരികെ കാട്ടിലേയ്ക്ക് വിടുന്ന മെഷ്യനുകൾ (ANIDERS PIR), ജനവാസ മേഖലകളുമായി അതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ പട്രോളിംഗ്, നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തന്നെ തിരിച്ച് വിടുന്നതിനായി താത്കാലിക വാച്ചർമാരെ വിന്യസിപ്പിക്കൽ എന്നീ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടതെ മലയാറ്റൂർ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിന്റേയും താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള പ്രാദേശിക സ്ക്വാഡുകളുടേയും സേവനം ഇതിനായി ഉപയോഗിച്ച് വരുന്നു. മലയാറ്റൂർ ഡിവിഷന് കീഴിലുള്ള കുട്ടമ്പുഴ പഞ്ചായത്തിന്റെ ഭാഗങ്ങളിൽ 13.73 ലക്ഷം രൂപ ചെലവിൽ 4 കി.മീ. ദൂരത്തിൽ നിലവിലുള്ള സൗരോർജ്ജവേലി നവീകരിച്ച് ഹാങ്ങിംഗ് സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോടനാട് റെയിഞ്ചിലെ പിണ്ടിമന കോട്ടപ്പടി പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 239.71 ലക്ഷം രൂപ ചെലവുവരുന്ന 29 കി.മീ. ഹാങ്ങിംഗ് സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കോട്ടപ്പടി പ്രദേശത്ത് നിലവിലുള്ള സൗരോർജ്ജവേലികളോട് ചേർന്ന് നിൽക്കുന്ന വൃക്ഷങ്ങൾ ആന മറിച്ചിടുന്നത് മൂലം ഉണ്ടാകാവുന്ന കേടുപാടുകൾ തടയുന്നതിനായി പ്രസ്തുത പ്രദേശത്ത് സൗരോർജ്ജവേലിയോട് ചേർന്ന് 30 മീറ്ററിലെ അക്വേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | വന്യമൃഗ ആക്രമണം മൂലം ഉണ്ടായിട്ടുള്ള | (സി) | വന്യജീവി ആക്രമണംമൂലം ഹൈറേഞ്ച് സർക്കിളിന് |

| | | | |
|---|---|---|---|
| | കൃഷിനാശനഷ്ടങ്ങൾ തിട്ടപ്പെട്ടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ആറ് വർഷത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | | കീഴിലുള്ള കോതമംഗലം മൂന്നാർ ഡിവിഷനുകളുടെ പരിധിയിൽ വരുന്ന കവളങ്ങാട്, കുട്ടമ്പുഴ പഞ്ചായത്തുകളിലെ കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. കീരംപാറ പഞ്ചായത്തിൽ കൃഷിനാശം സംഭവിച്ചതിന്റെ അപേക്ഷകളൊന്നും ടി ഡിവിഷനുകളിൽ ലഭിച്ചിട്ടില്ല.<br><br>വൈൽഡ് ലൈഫ് സർക്കിൾ കോട്ടയത്തിന് കീഴിൽ വരുന്ന തട്ടേക്കാട് പക്ഷി സങ്കേതത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഭാഗങ്ങളിൽ കഴിഞ്ഞ ആറ് വർഷത്തെ കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>സെൻട്രൽ സർക്കിൾ തൃശ്ശൂരിന് കീഴിൽ വരുന്ന കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച അപേക്ഷകളുടെ എണ്ണം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ 6 വർഷത്തിനുള്ളിൽ നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | അനുബന്ധരേഖകളുടെ അഭാവം മൂലവും ഫണ്ടിന്റെ അപര്യാപ്തത നിമിത്തവുമാണ് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ താമസം ഉണ്ടാകുന്നത്. |
| (എഫ്) | വന്യമൃഗ ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരതുക ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ; അർഹരായ മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം, 05.04.2018-ലെ സ.ഉ. (കൈ) നം 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. 08.01.2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

**Annexure 2**

| കുട്ടനാട് | |
|---|---|
| വർഷം | നഷ്ടപരിഹാര തുക |
| 2016-17 | 93336.00 |
| 2017-18 | 122645.00 |
| 2018-19 | 172954.00 |
| 2019-20 | 231331.00 |
| 2020-21 | 195937.00 |
| 2021-22 | 179751.00 |

**Annexure**

| Year | Kuttampuzha Panchayath | | | Kavalangad Panchayat | | |
|---|---|---|---|---|---|---|
| | No.of cases | Compen sation paid | Amount | No. of cases | Compensa tion paid | Amount |
| 2016-17 | 4 | 4 | 24,151 | 2 | 2 | 13,384 |
| 2017-18 | 10 | 7 | 31,217 | 3 | 1 | 8,600 |
| 2018-19 | 4 | 3 | 63,728 | 1 | 1 | 21,750 |
| 2019-20 | 10 | 8 | 50,181 | 3 | 3 | 45,456 |
| 2020-21 | 5 | 4 | 43,480 | 2 | 2 | 7380 |
| 2021-22 | 10 | 9 | 1,18,696 | 14 | 11 | 49,853 |
| **TOTAL** | **43** | **35** | **3,31,453** | **25** | **20** | **146,423** |

Annexure-3

| **ക്രമ നം** | **പഞ്ചായത്ത്** | **2016–17** | **2017–18** | **2018–19** | **2019–20** | **2020–21** | **2021–22** | **ആകെ** |
|---|---|---|---|---|---|---|---|---|
| **1** | കോട്ടപ്പടി | 12 | 28 | 44 | 59 | 67 | 77 | 281 |
| **2** | പിണ്ടിമന | 7 | 18 | 35 | 32 | 44 | 49 | 185 |
| **3** | കുട്ടമ്പുഴ | 18 | 17 | 30 | 42 | 55 | 64 | 226 |
| **ആകെ** | | 37 | 63 | 109 | 133 | 166 | 184 | 692 |